# പതിമൂന്നാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3237   24/02/2016-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ</u>**

| ചോദ്യം<br>ശ്രീ. കെ. എം. ഷാജി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകാറുണ്ടോ; | എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകി വരുന്നുണ്ട്. |
| ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി അനുവദിച്ച തുക എത്ര; ഇതിൽ 31/01/2015 - നകം ചെലവഴിച്ച തുക എത്ര; | ബി)യും സി)യും ഡി)യും ഇ)യും പതിനൊന്നാം ധനകാര്യ കമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടില്ല. |
| സി) പ്രസ്തുത തുകയിൽ നിന്നും മറ്റ് സ്കൂളുകൾക്ക് ആനുകൂല്യം അനുവദിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | |
| ഡി) ഇപ്രകാരം മറ്റ് സ്കൂളുകൾക്ക് തുക അനുവദിച്ചെങ്കിൽ ആയത് മത്സ്യത്തൊഴിലാളി സമൂഹത്തോട് ചെയ്യുന്ന അനീതിയാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | |
| ഇ) ഇപ്രകാരം തുക അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ | |

സെക്ഷൻ ഓഫീസർ